# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2090 — 01.02.2018 - ൽ മറുപടിക്ക്

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ഉണ്ട്. ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്മേൽ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് മാത്രമേ സ്ഥാനക്കയറ്റം നടത്തി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ കുറവ് പരിഹരിക്കാനാവുകയുള്ളൂ.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം മെഡിക്കൽ കോളേജിൽ 2 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| ബി) | ആലപ്പുഴ ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ് എവിടെയെല്ലാമാണുള്ളത്; ഇത് അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) | ആരോഗ്യ വകുപ്പിൽ അരൂക്കുറ്റി, ചെമ്പുംപുറം, ചുനക്കര, തൃക്കുന്നപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും മാന്നാർ, ചെറിയനാട്, ചെറുതന, ചെട്ടിക്കുളങ്ങര, കരുവാറ്റ, നൂറനാട്, പാലമേൽ, പത്തിയൂർ, പുറക്കാട്, രാമങ്കരി, തകഴി, തലവടി, താമരക്കുളം, ആറാട്ടുപുഴ, വല്ലത്തോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്. സീനിയോറിറ്റി ലിസ്റ്റിന്മേൽ ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഒഴിവുകൾ നികത്തുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നിലവിൽ ഒഴിവില്ല. |

Milan

സെക്ഷൻ ഓഫീസർ